വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) അന്താരാഷ്ട്ര വിദ്യാഭ്യാസ സംഗമത്തിന്റെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ വികസിത രാജ്യങ്ങളുടെയും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുടെയും സാഹചര്യവുമായി തട്ടിച്ച് നോക്കി അടിസ്ഥാന സൗകര്യം, വ്യവസ്ഥിതി, നടപടിക്രമം, നിയന്ത്രണ സംവിധാനം, ഭരണ സംവിധാനം, മനുഷ്യ വിഭവശേഷി എന്നിവ അവലോകനം ചെയ്യുക.

2. വിദേശ പങ്കാളികളുമായി സഹകരണം സാദ്ധ്യമാക്കുക.

3. കേരളത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് അന്താരാഷ്ട്ര നിലവാരത്തെക്കുറിച്ചുള്ള ധാരണ നൽകുകയും ഈ രംഗത്തെ ആധുനിക വൽക്കരിക്കുകയും ചെയ്യുക.

4. ഉന്നത വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടിവരുന്ന ധന ലഭ്യതയും മുതൽമുടക്കും സംബന്ധിച്ച് ചർച്ച ചെയ്യുക.

5. ഉന്നത വിദ്യാഭ്യാസ രംഗത്ത് അനുദിനമുണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസൃതമായി നയരൂപീകരണം നടത്തുക.

(ബി) ഇല്ല.

(സി) അക്കാദമീയമായ സ്വയം ഭരണം അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇക്കാര്യം ചർച്ച ചെയ്തിരുന്നു.

(ഡി) ഉന്നത വിദ്യാഭ്യാസ രംഗത്ത് രാഷ്ട്രാന്തരീയ നിലവാരമുള്ള സ്ഥാപനങ്ങളുമായി സർവ്വകലാശാല/സ്ഥാപന അടിസ്ഥാനത്തിൽ സഹകരണം സാദ്ധ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംഗമത്തിൽ ഒപ്പുവച്ച ധാരണാപത്രങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വകലാശാലകളും സ്ഥാപനങ്ങളും ഇക്കാര്യത്തിൽ മുന്നോട്ടു പോകും. സർക്കാരിന്റെ സഹായമോ, സഹകരണമോ ആവശ്യമാകുന്ന പക്ഷം അക്കാര്യം അപ്പോൾ പരിഗണിക്കുന്നതാണ്.

ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് നൽകുന്നതിൽ സ്ത്രീകൾ ചൂഷണം ചെയ്യപ്പെടുന്നത് പരിഹരിക്കുന്നതിന് നടപടി

21 [*176] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് കൊടുക്കുന്ന കോഴ്സുകളുടെ അവസാന സെമസ്റ്ററിൽ നൽകാവുന്ന ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് എത്രയാണ്;

(ബി) ഇതിൽ വൈവ., പ്രോജക്ട് എന്നിവയ്ക്ക് എത്ര മാർക്ക് വീതമാണ് നൽകുന്നത്;

(സി) ഈ മാർക്ക് നൽകുന്നതിൽ സ്ത്രീകൾ ചൂഷണം ചെയ്യപ്പെടുന്നത് പരിഹരിക്കുന്നതിന് വിമൻസ് സെല്ലും വിമൻസ് ഫോറവും നമ്മുടെ സർവ്വകലാശാലകളിൽ പ്രവർത്തിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ 2004-05-ൽ ഇവയുടെ പ്രവർത്തനം എന്തെല്ലാമായിരുന്നു എന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) എം. ജി. സർവ്വകലാശാലയിൽ വാർഷികാടിസ്ഥാനത്തിലുള്ള ഡിഗ്രി കോഴ്സുകൾക്ക് 20 മാർക്കും സെമസ്റ്റർ പാറ്റേണിലുള്ള കൺവൻഷണൽ ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് 25 മാർക്കുമാണ് ഓരോ പേപ്പറിനും ഇന്റേണൽ അസസ്സ്മെന്റിനു നൽകുന്നത്. സെമസ്റ്റർ രീതിയിലുള്ള ബിരുദ കോഴ്സുകളുടെ പരീക്ഷകളിൽ ഓരോ പേപ്പറിനും ആകെയുള്ള 50 മാർക്കിൽ 10 മാർക്ക് ഇന്റേണൽ അസസ്സ്മെന്റിനുവേണ്ടി നീക്കിവച്ചിരിക്കുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ബി. ടെക് കോഴ്സിന് അവസാന സെമസ്റ്ററിൽ നൽകാവുന്ന പരമാവധി ഇന്റേണൽ മാർക്ക് ഒരു പേപ്പറിന് 75 ആണ്. എം. ടെക് ഒഴികെയുള്ള മറ്റ് ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് ഇത് 50% ആണ്. കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകളിൽ 20% മാർക്ക് വീതമാണ് നൽകുന്നത്. കേരള സർവ്വകലാശാലയിൽ വിവിധ കോഴ്സുകൾക്കായി 10 മുതൽ 50 മാർക്ക് വരെ നൽകുന്നു.

(ബി) എം. ജി. സർവ്വകലാശാലയിൽ വാർഷികാടിസ്ഥാനത്തിലുള്ള ഡിഗ്രി കോഴ്സുകൾക്ക് വൈവയ്ക്കും പ്രോജക്ടിനും കൺവൻഷണൽ പാറ്റേണിലുള്ള ബിരുദാനന്തര കോഴ്സുകളുടെ വൈവയ്ക്കും ഇന്റേണൽ അസസ്സ്മെന്റ് ഇല്ല. കൺവൻഷണൽ പാറ്റേണിലുള്ള ബിരുദാനന്തര ബിരുദ കോഴ്സിന് പ്രോജക്ടിന് 25 മാർക്കാണുള്ളത്.

കൊച്ചി സർവ്വകലാശാലയിൽ ബി. ടെക് കോഴ്സിന് വൈവയ്ക്ക് 100 ഉം പ്രോജക്ടിന് 150 ഉം മാർക്കാണ് ഉള്ളത്. മറ്റു കോഴ്സുകൾക്ക് ഇത് 100 മുതൽ 150 വരെ വ്യത്യസ്ത രീതിയിലാണ്. സംസ്കൃത സർവ്വകലാശാലയിലെ വിവരം താഴെ കൊടുക്കുന്നു:

എം. എസ്. ഡബ്ല്യൂ.- വൈവ	—	50 മാർക്ക്.
പ്രോജക്ട്	—	100 മാർക്ക്
ബ്ലോക്ക് ഫീൽഡ് വർക്ക്	—	50 മാർക്ക്
കൺകറന്റ് ഫീൽഡ് വർക്ക്	—	100 മാർക്ക്

പി. ജി. ഡിപ്ലമോ (ഹിന്ദി ട്രാൻസ്ലേഷൻ)—മൊത്തമുള്ള 32 ക്രെഡിറ്റിൽ 6 എണ്ണം പ്രോജക്ടിന്.

പി. ജി. ഡിപ്ലമോ (ടൂറിസം)—32 ക്രെഡിറ്റിൽ 4 ക്രെഡിറ്റ് പ്രോജക്ടിന്.

കോഴിക്കോട് സർവ്വകലാശാലയിൽ വൈവയ്ക്കും പ്രോജക്ടിനും വ്യത്യസ്ത രീതിയിലാണ് മാർക്ക് നിജപ്പെടുത്തിയിരിക്കുന്നത്, കണ്ണൂർ സർവ്വകലാശാലയിൽ പ്രോജക്ടിന് മാത്രമായി പരമാവധി 100 മാർക്കും അതിന്റെ 20% വൈവയ്ക്കും നൽകുന്നു. കേരള സർവ്വകലാ ശാലയിൽ പ്രോജക്ടിന് 10 മാർക്കും വൈവയ്ക്ക് 10 മാർക്കും നൽകുന്നു.

(സി) എം. ജി. സർവ്വകലാശാലയിൽ ഉണ്ടെങ്കിലും പരാതികൾ വന്നിട്ടില്ല. മറ്റ് സർവ്വകലാശാലകളിൽ സത്രീകൾക്കെതിരായ പ്രശ്നങ്ങൾ അന്വേഷിക്കുന്നതിനായി പരാതി പരിഹാര സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയിൽ ഇന്റേണൽ അസസ്സ്മെന്റ് സംബന്ധിച്ച് ത്രിതല പ്രശ്ന പരിഹാര സമിതി നിലവിലുണ്ട്.

(ഡി) 2004-05-ൽ ഇത്തരത്തിലുള്ള എന്തെങ്കിലും പരാതികൾ ലഭിച്ചതായി സർവ്വകലാശാലകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly